
# SAN THOM VOICE

Ramanathapuram Diocesan Bullettin

Vol. 9, 2018 JUNE, No. 6



Imprimatur
(Sd)
**Mar Paul Alappatt**
Bishop of Ramanathapuram

Chief Editor
**Fr. Bijo Palayil**
Mob: 8903219668
Associate Editor
**Fr. Kuriyakose Kallattil CMI**
Mob: 9482173518
Published by
**Fr. Jose Kannumkuzhy**
Bishop's House, Ramanathapuram
Ph: 0422- 4221795
Website :
www.dioceseoframanathapuram.org
www.dioceseoframanathapuram.com
Printed at: S. Sridhar offset Printing
Annual Subscription Rs. 150/-
Single Copy Rs. 20/-


## ഈ ലക്കത്തിൽ


Pope Tweets 02

രൂപതാകാര്യാലയം 18

ഫിനാൻസ് ഓഫീസ് 21

Bishop's Engagements 27

From the Bishop's Diary 27

പുരോഹിതനും പുരോഹിത ശുശ്രൂഷയും 35

മൈനർ സെമിനാരി 43

മദർ തെരേസ പീസ് ഹോം 43

വിശ്വാസപരിശീലനം 45

ഫാമിലി അപ്പസ്തോലേറ്റ് 51

നവീകരണമുന്നേറ്റം 51

സീറോമലബാർ മാതൃവേദി 52

കത്തോലിക്കാ കോൺഗ്രസ്സ് 52

പിതൃവേദി 53

എസ്.എം.വൈ.എം. 53

സാന്തോം ക്രിയേഷൻസ് 55

മെഡിക്കൽ ഫ്രട്ടേണിറ്റി 55

Snippets 58


**Let us pray for the intentions of the Holy Father**

**Universal: Social Networks**
That social networks may work towards that inclusiveness which respects others for their differences.



# Pope Francis Tweets

**Pope Francis @Pontifex May 14**

There is no freedom greater than letting yourself be guided by the Holy Spirit and allowing Him to lead you wherever he wishes.

**Pope Francis@Pontifex May 15**

The Family is the hope of the future. Let us pray especially for families facing serious difficulties: may Our Lord assist them.

**Pope Francis @Pontifex May 16**

There is no love without works of charity. Service towards our brothers and sisters springs from the heart that loves.

**Pope Francis @Pontifex May 16**

I express my great sorrow over the dead and wounded in the Holy Land and the Middle East. Violence never leads to peace. Therefore, I call on all sides involved and the international community to renew efforts so that dialogue, justice and peace may prevail.

**Pope Francis @Pontifex May 17**

God loves us in a way that crushes all loneliness and isolation.

**Pope Francis @Pontifex May 18**

Mary lived Jesus' Beatitudes like no other: she is saintly among the saints, she shows us the way to holiness and accompanies us.


## MATER DEI ICSE SCHOOL
(Diocese of Ramanathapuram)

**6A, KPR LAYOUT, SINGANALLUR, CBE-15**

Pre-KG + LKG, UKG, Std. I - III ക്ലാസ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : Mob : 9489133403, 9442918812**

## MATER DEI ICSE SCHOOL
(An Educational Institution owned and run by the Diocese of Ramanathapuram)

Admissions open for the Pre-KG, LKG, UKG & Std I - III

**For more details, contact : Mob :9489133403, 9442918812**

# രൂപതാകാര്യാലയം

**A. ഓർമ്മിക്കേണ്ട ദിവസങ്ങൾ**

**ജൂൺ 2018**

| | | |
|---|---|---|
| 01 | : | ആദ്യവെള്ളി, വി. ജസ്റ്റിൻ |
| 08 | : | ഈശോയുടെ തിരുഹൃദയത്തിരുനാൾ |
| | : | വാ. മറിയം ത്രേസ്യ |
| 09 | : | മാതാവിന്റെ വിമലഹൃദയ തിരുന്നാൾ, മാർ അപ്രേം |
| 11 | : | വി. ബർണ്ണാബാസ് ശ്ലീഹാ |
| 13 | : | പാദുവായിലെ വി. അന്തോണീസ് |
| 22 | : | വി. ജോൺ ഫിഷറും വി. തോമസ് മൂറും |
| 24 | : | വി. യോഹന്നാൻ മാംദാനയുടെ ജനനതിരുനാൾ |
| 28 | : | വി. ഇരണേവൂസ് |
| 29 | : | വി. പത്രോസും വി. പൗലോസും (കുർബാനയിൽ പങ്കെടുക്കാൻ കടമുള്ള ദിവസം) |

**B. ബ. വൈദികരുടെ മാസധ്യാനവും സമ്മേളനവും**

രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുടെ മാസധ്യാനവും സമ്മേളനവും 05-06-2018 ചൊവ്വാഴ്ച കാലത്ത് 10 മണി മുതൽ 3 മണി വരെ പല്ലടം പള്ളിയിൽ വച്ചായിരിക്കും. എല്ലാ വൈദികരും അതിൽ വന്ന് പങ്കുചേരണം.

**C. പുതിയ വിശ്വാസപരിശീലന (മതബോധന) വർഷം (2018-19)**

ജൂൺ 03 ഞായറാഴ്ച, നാം പുതിയ വിശ്വാസ പരിശീലന വർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. സഭാതനയരെ ചെറുപ്പത്തിൽ തന്നെ അറിവും വിശ്വാസവും ബോധ്യവുമുള്ള മക്കളാകുക യെന്നതാണ് ഈ പരിശീലനത്തിന്റെ ലക്ഷ്യം. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി സഭാ സമൂഹം മുഴുവൻ (വൈദികരും, സന്യസ്തരും, മതാദ്ധ്യാപകരും, മാതാപിതാക്കളും, കുട്ടികളും) ഈ സദുദ്യമത്തോട് പരിപൂർണ്ണമായി സഹകരിക്കണം. വിശദാംശങ്ങൾ ജൂൺ 3-ാം തീയതി വി. കുർബാന മദ്ധ്യേ വായിക്കാനുള്ള ഇടയലേഖനത്തിൽ

("സാൻതോം വോയ്സ്" മെയ് 2018 pp 3-9)

**D. വൈദികരുടെ വാർഷികധ്യാനം**

വൈദികരുടെ വാർഷികധ്യാനം സെപ്തംബർ 24 മുതൽ 29 വരെ വടക്കുകാട് മൈനർ സെമിനാരിയിൽ വച്ചായിരിക്കുമെന്ന് അറിയിച്ചത് ഒന്നുകൂടി ഓർമ്മിപ്പിക്കുന്നു.

**E. പാസ്റ്ററൽ കൗൺസിൽ & രൂപതാദിനം (09.06.2018) ശനിയാഴ്ച 2 മണിക്ക്)**

ഈ വർഷത്തെ രൂപതാദിനാഘോഷം 09.06.2018 ശനിയാഴ്ച ഉച്ചയ്ക്ക്

2 മണിക്ക് രാമനാഥപുരം കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ചായിരിക്കുമെന്ന് പറഞ്ഞത് ഒന്നുകൂടി ഓർമ്മിപ്പിക്കുന്നു. പ്രസ്തുത സമ്മേളനത്തിൽ രൂപതയിൽ ഈ വർഷം ജൂബിലിയാഘോഷിക്കുന്ന വൈദികർക്കും സന്യസ്തർക്കും ദമ്പതികൾക്കും (രൂപതാംഗങ്ങൾ) വിവിധ അവാർഡുകളും മറ്റു പുരസ്കാരങ്ങളും കരസ്ഥമാക്കി യവർക്കും സ്വീകരണം നല്കുന്നതാണ്.

പാസ്റ്ററൽ കൗൺസിലംഗങ്ങളും രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തലവന്മാരും റിസോഴ്സ് ടീമംഗങ്ങളും മേൽപ്പറഞ്ഞ ജൂബിലിയാഘോഷിക്കുന്നവരും അവാർഡ് പുരസ്ക്കാര ജേതാക്കളും പരിപാടിയിലേക്ക് തീർച്ചയായും വരണം. എല്ലാവരും ഉച്ചയ്ക്ക് 1.45ന് തന്നെ എത്തിച്ചേരുമല്ലൊ.

**F. എയ്ഞ്ചൽസ് മീറ്റ് 2018 (05.08.2018)**

ഈ വർഷം ആദ്യമായി വി. കുർബാന സ്വീകരിച്ച കുട്ടികൾക്കുള്ള രൂപതാതല സ്വീകരണം (എയ്ഞ്ചൽസ് മീറ്റ്) 05.08.2018 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് രാമനാഥപുരം കത്തീഡ്രലിൽ വച്ചായിരിക്കും. ഈ വർഷത്തെ ആദ്യകുർബാന സ്വീകരണം ജൂലൈ 31ന് മുമ്പ് നടത്താനും കുട്ടികളെ ഈ പരിപാടിയിലേയ്ക്ക് പറഞ്ഞുവിടാനും ബ. വികാരിയച്ചനും മതാദ്ധ്യാപകരും മാതാപിതാക്കളും ശ്രമിക്കണം. കുട്ടികളുടെ വിശദാംശങ്ങൾ ജൂലൈ 20ന് മുമ്പ് രൂപതാ "ഹോളി ചൈൽഡ് ഹുഡ്" ഡയറക്ടർ ബഹു. ഫാ. പ്രിൻസൺ മഞ്ഞളിയെ അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

**G. അദ്ധ്യാപക – അനദ്ധ്യാപകർക്ക് ഓറിയന്റേഷൻ പ്രോഗ്രാം (21–07–2018)**

രൂപതാതിർത്തിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കുമായി 21.07.2018 ശനിയാഴ്ച കാലത്ത് 9.30 മുതൽ വൈകിട്ട് 3.30 വരെ ഒരു ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചിട്ടുണ്ട്. രാമനാഥപുരം അൽവേർണിയ സ്കൂളിൽ വച്ചായിരിക്കും പരിപാടി. രൂപതാതിർത്തിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എല്ലാ സ്റ്റാഫംഗങ്ങളും തീർച്ചയായും ആ പരിപാടിയിൽ ആദ്യന്തം പങ്കുചേരണം. ചെന്നൈ ഹൈക്കോടതി സീനിയർ അഡ്വ. ഫാ. ഡോ. സേവ്യർ അരുൾ രാജ് പ്രോഗ്രാം നയിക്കുന്നതായിരിക്കും.

**H. Permissions/approvals granted:**

1. Permission granted to Trinity school, Ramanathapuram for the maintenance and repair works (Order No. 48/2018 dated 24-4-2018)
2. Permission granted to Mount Carmel church, Tirupur for changing roof sheet of the parish church (Order No. 56/2018 dated 08-5-2018)
3. Permission granted to the CMC Provincial, Mananthavady to establish a convent at Senbagapudur near Sathyamangalam (Order No. 58/2018 dated 15-5-2018)

## I. Appointments:

1. Fr. Joseph Puthur relieved from his office as one of the internal auditors, eparchy of Ramanathapuram with effect from 01-5-2018
2. Fr. George Cheruvathoor appointed one of the internal auditors, eparchy of Ramanathapuram with effect from 01-5-2018 until further orders
3. Mr. Georgekutty Augustine Ozhukayil appointed coordinator-in charge for the Evangelization drive of the whole eparchy with effect from 01-5-2018 until further orders
4. Confession Faculty issued to Fr. Kurian (Ebin) Eruvelikunnel, CST with immediate effect until further orders
5. Confession Faculty issued to Fr. Joseph Kaithakulath, CST with immediate effect until further orders

**Mgr. George Narikuzhi**
Syncellus



# EPARCHIAL FINANCE OFFICE

**A. വാർഷിക തെരട്ട് :** 2017-18 ന്റെ വാർഷിക തെരട്ട് രൂപതാ ഫിനാൻസ് ഓഫീസിൽ സമർപ്പിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്നവ ഒരാഴ്ചയ്ക്ക് മുൻപ് കൊണ്ടുവരേണ്ടതാണ്.

1. Day Book, 2. Leadger, 3. Therattu Book, 4. Therattu Forms- 2 copies, 5. Internal Audit Report, 6. Audited Account Statements & Reports, 7. Budget for 2017-18 - 2 copies. (Annexure സംഘടനകളുടെ/പ്രസ്ഥാനങ്ങളുടെ തെരട്ടുകൾ).

പള്ളികളുടെ തെരട്ട് സമർപ്പിക്കാൻ വരുമ്പോൾ വികാരിയച്ചനും, കൈക്കാരന്മാരും, സംഘടനകളുടെ/പ്രസ്ഥാനങ്ങളുടെ തെരട്ട് സമർപ്പിക്കാൻ വരുമ്പോൾ ബന്ധപ്പെട്ട ഡയറക്ടറും, രൂപതാ ഭാരവാഹികളും സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കാൻ വരുമ്പോൾ ഡയറക്ടറും സെക്രട്ടറിയും ട്രഷററും വരേണ്ടതാണ്.

| Sl. No. | Name & Place | Date | Time |
|---|---|---|---|
| 1. | Holy Trinity Cathedral, Ramanathapuram | 18-06-2018 | 10.00am |
| 2. | St. Joseph's Mission Sitra | 18-06-2018 | 11.00am |
| 3. | Migrants' Mission Sowripalayam&KarunyaMathaSiruvani | 18-06-2018 | 11.30pm |
| 4. | Trinity Matric. Hr. Sec. School and Trinity Educational Society | 18-06-2018 | 12.00pm |
| 5. | St. Thomas Sulur Aero | 18-06-2018 | 02.00pm |
| 6. | Eparchial Holy Childhood | 18-06-2018 | 02.30pm |
| 7. | St. Alphonsa Church Palladam | 18-06-2018 | 03.00pm |
| 8. | Eparchial CML | 18-06-2018 | 03.30pm |
| 9. | Eparchial SMYM | 18-06-2018 | 04.00pm |

| | | | |
|---|---|---|---|
| 10. | St. Sebastian's Church Ukkadam | 19-06-2018 | 09.30am |
| 11. | St. Clotilda's Church Podanur | 19-06-2018 | 10.00am |
| 12. | St. Clotilda's Nursery School, Podanur | 19-06-2018 | 10.30am |
| 13. | St. Mark's Church Kuniamuthur | 19-06-2018 | 11.00am |
| 14. | Punnassery Nestle, Ettimadai | 19-06-2018 | 11.30am |
| 15. | Eparchial Family Apostolate | 19-06-2018 | 11.45am |
| 16. | St. Jude's Church Dharapuram | 19-06-2018 | 12.15pm |
| 17. | St. Paul's Church Pollachi | 19-06-2018 | 02.00pm |
| 18. | St. Elizabeth Church Suleswarampatty | 19-06-2018 | 02.30pm |
| 19. | Arogiamatha Church Pollachi | 19-06-2018 | 03.00pm |
| 20. | St. Luke's Church Valparai | 19-06-2018 | 03.30pm |
| 21. | Lourdes Forane Church Gandhipuram | 20-06-2018 | 09.30am |
| 22. | Holy Family Church Ganapathy | 20-06-2018 | 10.00am |
| 23. | Eparchial Charismatic Movement | 20-06-2018 | 10.30am |
| 24. | Infant Jesus Church Edayapalayam | 20-06-2018 | 11.00am |
| 25. | St. John Paul Mission Perianaickenpalayam | 20-06-2018 | 11.30am |
| 26. | St. Sebastian's Church Udumalpett | 20-06-2018 | 12.00pm |
| 27. | St. Joseph's Church Kavundampalayam | 20-06-2018 | 02.00pm |
| 28. | St. Antony's Church Viswasapuram | 20-06-2018 | 02.30pm |
| 29. | Good Shepherd Church Karamadai | 20-06-2018 | 03.00pm |
| 30. | St. Joseph's Church R S Puram | 20-06-2018 | 03.30pm |
| 31. | Mother Theresa Mission Vadavally and Eparchial Mathrusangham | 20-06-2018 | 04.00pm |
| 32. | Little Flower Church Sai Baba Colony | 21-06-2018 | 10.00am |
| 33. | LourdeMathaForane Church Erode | 21-06-2018 | 10.30am |
| 34. | LourdeMatha Play School Erode | 21-06-2018 | 11.00am |
| 35. | St. Antony's Church Sasthri Nagar Erode | 21-06-2018 | 11.30am |
| 36. | Eparchial Catechism Department | 21-06-2018 | 12.00pm |
| 37. | Eparchial Bible Apostolate | 21-06-2018 | 12.30pm |
| 38. | St. Mary's Minor Seminary Vadakkukadu | 21-06-2018 | 02.00pm |
| 39. | Eparchial Vocation Bureau | 21-06-2018 | 02.30pm |
| 40. | Eparchial Altar Boys Association | 21-06-2018 | 03.00pm |
| 41. | Mount Carmel Church Tirupur | 21-06-2018 | 03.15pm |
| 42. | Mother Theresa Peace Home Vanjipalayam | 21-06-2018 | 03.45pm |
| 43. | Santhome Creations / Santhom Charities | 21-06-2018 | 04.15pm |
| 44. | St. Antony's Church Kangayam | 21-06-2018 | 04.45pm |
| 45. | Eparchial Co-ordination Committee | 22-06-2018 | 09.30am |
| 46. | JeevanJyothi Centre Chinnathottipalayam | 22-06-2018 | 10.00am |
| 47. | St. Joseph's School, Jadayampalayam | 22-06-2018 | 10.30am |
| 48. | Mater Dei School and St. Joseph Educational Society | 22-06-2018 | 11.00am |
| 49. | St. Mary's Mission Annur | 22-06-2018 | 11.30am |
| 50. | St. Antony's mission , Chennimalai | 22-06-2018 | 12.00pm |
| 51. | St. Antony Mission , Karur | 22-06-2018 | 12.30pm |
| 52. | St. Joseph's Church Mettupalayam | 22-06-2018 | 02.15pm |
| 53. | St. Joseph's Nursery & Primary School, Mettupalayam | 22-06-2018 | 02.45pm |
| 54. | Eparchial Pithruvedi | 22-06-2018 | 03.15pm |
| 55 | Social Service Society | 22-06-2018 | 03.45pm |
| 56 | Deepthi Centre Theramplayam | 22-06-2018 | 04.15pm |

## B. Seminary Burse

1. Mr.Sebastian Antony, Anna Nagar, Kovaipudur, Cbe.
2. Mr.Antony M. Vazhathara & Mrs. Ancil Antony, Puliakulam , Cbe.

3. Ms. Riya Rose Paul , Nanjundapuram Road, Cbe.
4 Mr.Rapheal M.J, Alappatt Mecherippadi House, Singanallur, Cbe.

**C. Seminary Fund**

| | |
|---|---|
| 1. Mr.Biju Johny, Kalluveetil House, Edayerpalayam. | 5000/- |

**C. Pastoral Centre**

| | |
|---|---|
| 1. Mr.Rajan M. Mathew, Muringathery House, Erumapetty | 25000/- |
| 2. Bro. Shajan Tharayil& Family, Mannampetta, TCR | 5000/- |

**D. Mother Theresa Peace Home**

| | |
|---|---|
| 1. Holy Family Convent Ukkadam, Cbe | 1000/- |
| 2. Mr.M.Wilson, Pulikottil , Ukkadam, Coimbatore | 5000/- |
| 3. Rev.Fr.Francis Thivalappil, Saibabacolony, Cbe | 25000/- |
| 4. Mr.K.J.Thomas,Kunnumpurath,KaliappaGounder Street, Cbe. | 10000/ |
| 5. Dr.Mathew& .K.Sebastian & Family,R. N. Puram, Cbe | 5000/- |

**E. 13th Month Allowance for Priest Welfare Fund from the Religious Houses.**

| | |
|---|---|
| 1. Infant Jesus Convent, Palladam | 1900/- |
| 2. Mercy Convent , Kangeyam | 3900/- |
| 3. Anto Bhavan , Karur, Manavadi | 1000/- |
| 4. Little Flower Convent, Kumarapuram | 1000/- |
| 5. Zion Ashram , Selvapuram | 1000/- |
| 6. Holy Family Bhavan , Sulur | 1600/- |
| 7. Vimala F C Convent , Chennimalai | 1900/- |
| 8. Christhu Jothi Convent, Erode | 1000/- |
| 9. Jyothi Bhavan Convent, Erode | 1000/- |
| 10. Assisi Convent, Coimbatore | 1000/- |
| 11. Assisi Convent, Akkaraikoduveri, Sathyamangalam | 1000/ |
| 12. Mary Rani Convent, Gandhipuram | 1000/- |
| 13. St.George F C convent, Ramanathapuram | 2500/ |
| 14. Annai Mary FC Convent Erode | 2200/- |
| 15. Arokiamatha Convent Polachi | 2000/ |
| 16. Little Flower Convent Tirupur | 1300/ |
| 17. Lourde Matha Convent Udumalpet | 2000/- |
| 18. Avila Convent Coimbatore | 3000/- |
| 19. Carmel Convent, Saravanampatty | 2800/- |
| 20. Infant Jesus Convent, Perianayakenpalayam, Cbe | 4000/- |
| 21. St.Joseph's Oldage Home, Podanur | 2200/- |
| 22. Holy Family Convewnt, Mahalingapuram | 1000/- |

**ഫാ. ജോസ് കന്നുംകുഴി**
ഫിനാൻസ് ഓഫീസർ

**ഫാ. ജോസഫ് ആലപ്പാടൻ**
അസി. ഫിനാൻസ് ഓഫീസർ

## SPECIAL COLLECTION

| No. | Special Collection | Mission Sunday | Family Apostulate | Youth Day | Jesus Youth | Peter's Penny | Media Day | Bible Sunday | S.M.Mission Sunday | S.M.Church Day | Justice Sunday | Holy Child Hood | Santhom Voice | C. M. L. | Social Service | Carismatic | Catechism | 13 th Month | Maunday Thursday | Lenten Campaign | Good Friday -2016 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Dharapuram | 1000 | 50 | 50 | 50 | 50 | 50 | 50 | 100 | 50 | 50 | 50 | 250 | 50 | 50 | 50 | 50 | | | | |
| 2 | Edayapalayam | | | 2580 | 500 | 2328 | 500 | 2200 | 2246 | | 2171 | 2311 | 250 | 1314 | | | 2600 | | | | |
| 3 | Erode | | | | | | | | | | | | | | | | | | | | |
| 4 | Gandhipuram | 22750 | 1000 | 500 | 500 | 1000 | 500 | 500 | 10374 | 3500 | 500 | 1000 | 250 | 1000 | 5000 | 500 | 2000 | 14900 | | | |
| 5 | Kangayam | | | | | | | | | | | | | | | | | | | | |
| 6 | Karamadai | 5500 | | | | | | | | | | | | | | | | | | | |
| 7 | Karur | 4250 | 100 | 100 | 100 | 150 | 100 | 100 | 500 | 150 | 100 | 100 | 250 | 100 | 150 | 100 | 150 | 1300 | | | |
| 8 | Kavundampalayam | | | | | | | | | | | | | | | | | | | | |
| 9 | Kuniamuthur | 15000 | 500 | 500 | 300 | 500 | 500 | 750 | 12920 | 1000 | 300 | 300 | 250 | 300 | 1000 | 300 | 500 | | | | |
| 10 | Mettupalayam | 30000 | 300 | 300 | 300 | 1000 | 300 | 500 | 10000 | 600 | 300 | 300 | 250 | 300 | 1000 | 300 | 500 | 7500 | | | |
| 11 | Palladam | 2000 | 100 | 100 | 100 | 100 | 100 | 100 | 150 | 100 | 100 | 100 | 250 | 100 | 200 | 300 | 100 | 1900 | | | |
| 12 | Viswasapuram | | | | | | | | | | | | | | | | | | | | |
| 13 | Podanur | | | | | | | | | | | | | | | | | | | | |
| 14 | Pollachi | 17000 | 250 | 250 | 250 | 250 | 250 | 250 | 2500 | 650 | 200 | 200 | 250 | 200 | 250 | 200 | 250 | 7500 | | | |
| 15 | Ganapathy | 11260 | 250 | 250 | 250 | 250 | 250 | 500 | 5000 | 3000 | 250 | 250 | 250 | 250 | 1000 | 250 | 500 | 1300 | | | |
| 16 | R.S.Puram | 8750 | | | | | | | 780 | | | | | | | | | | | | |
| 17 | Ramanathapuram | 150000 | 3000 | 3500 | 1500 | 1000 | 1000 | 10000 | 4000 | 500 | 500 | 500 | 250 | 2000 | 500 | 1500 | 1500 | 22300 | | | |
| 18 | Saibaba Colony | 50300 | 500 | 300 | 300 | 500 | 4800 | 300 | 5150 | 5550 | 300 | 300 | 250 | 300 | 1000 | 300 | 500 | 7500 | | | |
| 19 | Sasthrinagar | 7000 | 100 | 100 | 100 | 100 | 100 | 100 | 200 | 200 | 100 | 100 | 250 | 100 | 100 | 100 | 100 | | | | |
| 20 | Suleswaranpatty | 7000 | 100 | 100 | 100 | 100 | 100 | 100 | 750 | 400 | 100 | 100 | 250 | 100 | 100 | 100 | 100 | 1300 | | | |
| 21 | Sulur Aero | | | | | | | | | | | | | | | | | | | | |
| 22 | Tirupur | | | | | | | | | | | | | | | | | | | | |
| 23 | Udumalpet | 5000 | 200 | 350 | 150 | 100 | 200 | 200 | 2500 | 300 | 100 | 100 | 250 | 100 | 200 | 100 | 100 | 7500 | | | |
| 24 | Ukkadam | 15000 | 100 | 100 | 100 | 100 | 100 | 100 | 500 | 600 | 100 | 100 | 250 | 100 | 100 | 100 | 250 | 7500 | | | |
| 25 | Valparai | 6000 | 750 | 750 | 500 | 500 | 600 | 700 | 2000 | 2000 | 500 | 1500 | 250 | 600 | 700 | 500 | 650 | 7500 | | | |
| 26 | Chennimalai | 5650 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 250 | 100 | 100 | 100 | 100 | | | | |
| 27 | Chinnathottipalayam | | | | | | | | | | | | | | | | | | | | |
| 28 | Annur | 5000 | | | | | | | | | | | | | | | | | | | |
| 29 | Perinaickenpalayam | | | | | | | | | | | | | | | | | | | | |
| 30 | SITRASt.Joseph | | | | | | | | | | | | | | | | | | | | |
| 31 | Arokiamatha,Pollachi | | | | | | | | | | | | | | | | | | | | |
| 32 | MinorSeminary | 17000 | | | | | | | | | | | | | | | | | | | |
| 33 | Selam | | | | | | | | | | | | | | | | | | | | |
| 34 | Trichy | | | | | | | | | | | | | | | | | | | | |

# BISHOP'S Engagements



## JUNE 2018

01 : Pre-cana course, Kuniamuthoor
03 : Inauguration of the Catechetical Year, Ramanathapuram forane at RNM
: Resource team class at Gandhipuram
05 : Monthly recollection & Conference of priests at Palladam
08 : Holy Mass & Message, Kuzhikattussery
09 : Presbyteral council meeting at RNM
: Pastoral council & Eparchial day at RNM
11 : Inaugration of the academic year, Minor seminary
15 : Message, Youth retreat, Chinthamanipudur
16 : Marriage blessing, RNM
18-23: Therattu, RNM
24 : Holy Communion, Periyanaickampalayam
: Resource team class at Gandhipuram
27 : Parents' Get together, Minor seminary
: Seminary committee meeting at Vadakukad



## From the Bishop's Diary

**മെയ് – 2018**

1 : വടക്കുകാട് മൈനർ സെമിനാരിയിൽ ബ്രദേഴ്സിന്റെ കോൺഫറസിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു, ബ്രദേഴ്സുമായി കൂടികാഴ്ച നടത്തി.
2 : പഴയന്നൂർ ദേവാലയത്തിൽ വിവാഹം ആശീർവദിച്ച് ദിവ്യബലി അർപ്പിച്ചു.
3 : ഇടയാർപാളയം ദേവാലയത്തിൽ വെച്ച് നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു, വൈദികരുടെ സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു.
5 : കുനിയമുത്തൂർ SABS കോൺവെന്റിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

10 : ചെമ്പുക്കാവ് ഹോളിഫാമിലി കോൺവെന്റിന്റെ ശതാബ്ദിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി, 13 മണിക്കൂർ ആരാധന തുടങ്ങിവച്ചു.

12 : കാരമടൈ ദേവാലയത്തിൽ സ്ഥൈര്യലേപനത്തിനും പ്രഥമ ദിവ്യകാരുണ്യത്തിനും കാർമ്മികത്വം വഹിച്ചു.

13 : പേരകം ദേവാലയത്തിൽ വിവാഹം ആശീർവദിച്ച് ദിവ്യബലിയർപ്പിച്ചു.

: തൃശ്ശൂരിൽ AKKCCയുടെ ശതാബ്ദിയോടനുബന്ധിച്ച് നടന്ന റാലിയിലും മീറ്റിങ്ങിലും പങ്കെടുത്തു.

: അവിണിശ്ശേരി ദേവാലയത്തിൽ ഇടവകദിനാഘോഷത്തിൽ അദ്ധ്യക്ഷതവഹിച്ചു.

14 : എറണാകുളം ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ ക്ലാസ്സെടുത്തു.

16 : ജഡയപാളയം സ്കൂൾ കമ്മിറ്റി മീറ്റിങ്ങിൽ അദ്ധ്യക്ഷതവഹിച്ചു.

18 : തൃശ്ശൂർ മേരിമാതാ സെമിനാരിയിൽ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ സംബന്ധിച്ച് ദിവ്യബലിയർപ്പിച്ചു, സന്ദേശം നൽകി.

19 : കോട്ടപ്പടി ദേവാലയത്തിൽ ഫാ. ജോൺ ചുങ്കത്തിന്റെ സപ്തതി മീറ്റിങ്ങിൽ സംസാരിച്ചു.

20 : തൃശ്ശൂർ അത്താണി പള്ളിയിൽ ദിവ്യബലിയർപ്പിച്ചു.

: പാറേമ്പാടം ദേവാലയത്തിൽ വിവാഹം ആശീർവദിച്ച് ദിവ്യബലിയർപ്പിച്ചു.

: പുത്തൂർ ദേവാലയത്തിൽ ഫാ. ജോസഫ് വിതയത്തിൽ CMIയുടെ ജൂബിലി മീറ്റിംഗിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

21 : വീണ്ടാശ്ശേരി ദേവാലയത്തിൽ ഫാ. ചാക്കോ എടയാലിന്റെ അനുസ്മരണ ബലിയിൽ പങ്കുചേർന്നു.

22 : സാൻതോം സോഷ്യൽ സർവ്വീസ് സൊസൈറ്റി ജനറൽബോഡി മീറ്റിങ്ങിൽ അദ്ധ്യക്ഷതവഹിച്ചു.

23 : തൃശ്ശൂർ മെത്രാപ്പോലീത്താൻ പ്രോവിൻസിന്റെ ഇന്റർ കൂരിയ മീറ്റിങ്ങിൽ പങ്കുചേർന്നു.

27 : രാമനാഥപുരം ദേവാലയത്തിൽ സ്ഥൈര്യലേപനത്തിനും പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിനും കാർമ്മികത്വം വഹിച്ചു.

28 : തിരുപ്പൂർ CML ദേശീയ മീറ്റിങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

30 : മേട്ടുപ്പാളയം ദേവാലയത്തിൽ സ്ഥൈര്യലേപനത്തിനും പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിനും കാർമ്മികത്വം വഹിച്ചു.

**പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ**

**മല്പാൻ മാത്യു വെള്ളാനിക്കൽ**

# പുരോഹിതനും പുരോഹിതശുശ്രൂഷയും

## (തിരുവചനഭാഗം: ശ്ലീഹ 4,1–37)

പത്രോസും യോഹന്നാനും ജറുസലേം ദൈവാലയത്തിന്റെ സുന്ദരകവാടത്തിങ്കൽ നടത്തിയ അത്ഭുതവും അതേത്തുടർന്ന് പത്രോസ് നടത്തിയ പ്രസംഗവും അനേകരെ ആകർഷിച്ചു. സഭാംഗങ്ങളാകുവാൻ അത് അനേകർക്കു പ്രചോദനമായി. തുടക്കത്തിൽ മൂവായിരമായിരുന്ന സഭാംഗങ്ങളുടെ സംഖ്യ അയ്യായിരമായി എന്നാണ് ഈ അദ്ധ്യായത്തിൽ നാം വായിക്കുന്നത്: "അവരുടെ വചനം കേട്ടവരിൽ അനേകർ വിശ്വസിച്ചു. അവരുടെ സംഖ്യ അയ്യായിരത്തോളമായി" (4,4). സഭയുടെ വളർച്ചയുടെ ആരംഭദശയിൽ ശ്ലീഹന്മാർക്ക് രാഷ്ട്രീയ അധികാരികളിൽനിന്നുണ്ടായ എതിർപ്പും അതിന്റെ ഫലമായി പത്രോസും യോഹന്നാനും അറസ്റ്റു ചെയ്യപ്പെടുകയും ഭീഷണിപ്പെടുത്തപ്പെടുകയും ചെയ്തപ്പോൾ, അവർ വിശ്വാസികളുടെ സമൂഹവുമായി ബന്ധപ്പെടുകയും അവർ പ്രാർത്ഥിച്ച് ശ്ലീഹന്മാരെ ധൈര്യപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങളാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. അഞ്ചു ഭാഗങ്ങളായി ഈ അദ്ധ്യായത്തെ തിരിക്കാം.

1. 4,1–4 ശ്ലീഹന്മാരെ അറസ്റ്റു ചെയ്യുന്നു
2. 4,5–12 സാൻഹെദ്രീൻസംഘത്തിനുമുമ്പിൽ ശ്ലീഹന്മാരുടെ സാക്ഷ്യം
3. 4,13–22 അധികാരികളുടെ നിസ്സഹായാവസ്ഥ
4. 4,23–31 പ്രാർത്ഥനയിൽ ശക്തി പ്രാപിക്കുന്ന സമൂഹം
5. 4,32–37 ഒരു ഹൃദയവും ഒരാത്മാവുമായ സമൂഹം

ശ്ലൈഹികശുശ്രൂഷയുടെയും സഭാഗാത്രനിർമ്മാണത്തിന്റെയും തുടർച്ചയാണ് പൗരോഹിത്യശുശ്രൂഷ. അതുകൊണ്ട് ഈ ഭാഗത്തെ ആധാരമാക്കിയുള്ള വചനവിചിന്തനങ്ങൾ പൗരോഹിത്യശുശ്രൂഷയ്ക്ക് പ്രചോദനമാകും.

### 1. പുരോഹിതശുശ്രൂഷയും രക്തസാക്ഷിത്വവും

"*അവർ ജനത്തോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പുരോഹിതന്മാരും ദൈവാലയ സേനാധിപനും സദുക്കായരും അവർക്കെതിരേ ചെന്നു. ... അവർ അവരെ പിടികൂടി, സന്ധ്യയായതുകൊണ്ട്, അടുത്ത ദിവസംവരെ കാരാഗൃഹത്തിൽ സൂക്ഷിച്ചു.*" (4,1.3).

ദൈവാലയകവാടത്തിൽ മുടന്തനെ സുഖപ്പെടുത്തിയ അത്ഭുതത്തെത്തുടർന്ന് പത്രോസും യോഹന്നാനും ജനത്തോടു സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്നു. മരിച്ചവരുടെ ഉത്ഥാനമായിരുന്നു അവ

രുടെ പ്രസംഗത്തിന്റെ പ്രധാനവിഷയം. അത് ഈശോയുടെ ഉത്ഥാനത്തിന്റെ അടിസ്ഥാനത്തിലുമായിരുന്നു (4,2): "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). സുവിശേഷപ്രഘോഷണത്തിന്റെയും അതിന്റെ ഫലമായി സംജാതമാകുന്ന സഭാവിശ്വാസത്തിന്റെയും അടിസ്ഥാനം മിശിഹായുടെ ഉത്ഥാനവും നമ്മുടെ ഉത്ഥാനവുമാണ്. മിശിഹാ ഉത്ഥാനംചെയ്തു എന്നതിന്റെ തെളിവാണ്, അവിടുത്തെ നാമത്തിൽ അഥവാ അരൂപിയിലൂടെ അവിടുത്തോടുള്ള ഐക്യത്തിൽ ശ്ലീഹന്മാരിലൂടെ നടക്കുന്ന അത്ഭുതങ്ങൾ. അതുപോലെതന്നെ ഈശോ പാപത്തെയും അതിന്റെ ഫലമായ മരണത്തെയും ജയിച്ച് നമ്മെ രക്ഷിച്ചതുകൊണ്ട് നമുക്കും പാപത്തെയും മരണത്തെയും ജയിച്ച് രക്ഷ പ്രാപിക്കാൻ കഴിയുമെന്നുള്ള ഉറപ്പും ഉത്ഥിതനായ മിശിഹാ നമുക്കു നല്കുന്നു (1 കൊറി 15,15-16). ഈ സുവിശേഷപ്രഘോഷണമാണ് സഭയോടുചേരാൻ അനേകർക്കു പ്രചോദനമായത് (ശ്ലീഹ 4,4). നമ്മുടെ പുരോഹിതശുശ്രൂഷയുടെ പ്രഥമദൗത്യവും ഈ സുവിശേഷപ്രഘോഷണംതന്നെയാണ്.

ഇപ്രകാരമുള്ള സുവിശേഷപ്രഘോഷണം അനേകരെ മിശിഹായിലുള്ള വിശ്വാസത്തിലേക്കും സഭാംഗത്വത്തിലേക്കും ആകർഷിക്കുന്നുവെന്നു കണ്ടപ്പോൾ പുരോഹിതന്മാരും ദൈവാലയ സേനാധിപനും സദുക്കായരും ശ്ലീഹന്മാർക്കെതിരേ ചെന്നു (4,1). ഈ സാഹചര്യം അവരെ വളരെ അസ്വസ്ഥരാക്കി (4,2). അതുകൊണ്ട് അവർ ശ്ലീഹന്മാരെ പിടികൂടി, കാരാഗൃഹത്തിലടച്ചു (4,2-3). സുവിശേഷപ്രഘോഷണവും അതിലൂടെയുള്ള സഭാവളർച്ചയും വിശ്വാസികളല്ലാത്ത രാഷ്ട്രീയ അധികാരികളുടെ എതിർപ്പിനും പീഡനത്തിനും കാരണമാകുമെന്നുള്ളതിന് ചരിത്രം സാക്ഷിയാണ്. സഭയുടെ ആരംഭംമുതൽ ഇന്നുവരെയുള്ള ചരിത്രം അത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. പത്രോസും യോഹന്നാനും ഇത് പ്രതീക്ഷിച്ചിരുന്നിരിക്കണം. കാരണം ഈശോയിൽനിന്നും അവർ ഇതു കേട്ടിരുന്നു (യോഹ 15,18-21). ശിഷ്യത്വത്തിലേക്കുള്ള വിളി രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണ്. പത്രോസിനോടും യോഹന്നാനോടും ഈശോ പറഞ്ഞ വാക്കുകൾ ഇതു സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ 21,18-23). മരണത്തിലൂടെയുള്ള പത്രോസിന്റെ രക്തസാക്ഷിത്വമാണ് ഈശോ പ്രവചിച്ചതെങ്കിൽ ജീവിതത്തിലൂടെയുള്ള യോഹന്നാന്റെ രക്തസാക്ഷിത്വമാണ് അവിടുന്നു പ്രവചിച്ചത്. പുരോഹിതന്റെ വിളി ശിഷ്യത്വത്തിലേക്കുള്ള വിളിയാണ്. അത് അവശ്യം രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണ്. പുരോഹിതശുശ്രൂഷയിൽ എതിർപ്പുകളെ നേരിടേണ്ടിവരുമ്പോൾ ഈ ബോദ്ധ്യം നമ്മെ ശക്തിപ്പെടുത്തണം.

## 2. പുരോഹിതശുശ്രൂഷയും ആധികാരികതയും

*"ശ്ലീഹന്മാരെ അവർ തങ്ങളുടെ മധ്യത്തിൽ നിർത്തി ഇങ്ങനെ ചോദിച്ചു: എന്തധികാരത്താലാണ്, അഥവാ ആരുടെ നാമത്തിലാണ് നിങ്ങൾ ഇതു പ്രവർത്തിച്ചത്? അപ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പത്രോസ് അവരോടു പറഞ്ഞു: .... നിങ്ങളും ഇസ്രായേൽജനം മുഴുവനും ഇതറിഞ്ഞിരിക്കട്ടെ. നിങ്ങൾ കുരിശിൽ തറച്ചുകൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത നസറായനായ ഈശോമിശിഹായുടെ നാമത്തിലാണ് ഈ മനുഷ്യൻ സുഖംപ്രാപിച്ച് നിങ്ങളുടെ മുമ്പിൽ നില്ക്കുന്നത്"* (4,7-8.10).

ഈശോയെ വിസ്തരിക്കുകയും മരണത്തിനു വിധിക്കുകയും ചെയ്ത യഹൂദ ഉന്നതാധികാരസമിതിതന്നെയാണ് പത്രോസിനെയും യോഹന്നാനെയും തങ്ങളുടെ മധ്യത്തിൽ നിർത്തി ചോദ്യം ചെയ്തത് (4,5-7). മുടന്തന് അത്ഭുതകരമായ രോഗശാന്തി നല്കിയതിനെപ്പറ്റിയാണ് അവർ ശ്ലീഹന്മാരെ ചോദ്യംചെയ്തത്: "എന്തധികാരത്താലാണ്, അഥവാ ആരുടെ നാമത്തിലാണ് നിങ്ങൾ ഇതു പ്രവർത്തിച്ചത്?" (4,7). അപ്പോൾ പത്രോസ് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അവരോടു മറുപടി പറയുന്നു (4,8). ഉത്ഥിതനായ ഈശോ ശ്ലീഹന്മാർക്ക് വാഗ്ദാനംചെയ്ത ആധികാരികതയോടുകൂടിയും അതേപ്പറ്റിയുമാണ് പത്രോസ് അവർക്കു മറുപടി കൊടുക്കുന്നത്: "പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (1,8). അവർ കുരിശിൽ തറച്ചുകൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത ഈശോമിശിഹായുടെ നാമത്തിലാണ് അവർ ഈ അത്ഭുതം പ്രവർത്തിച്ചതെന്ന് പത്രോസ് വ്യക്തമായി പറഞ്ഞു (4,10).

'ഈശോയുടെ നാമത്തിൽ' എന്നു പറഞ്ഞാൽ 'ഈശോയുമായുള്ള ഐക്യത്തിൽ' എന്നാണർത്ഥം. പ്രാർത്ഥനയെപ്പറ്റി ഈശോ ശിഷ്യന്മാരോടു പറയുന്ന വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്. "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും പിതാവു പുത്രനിൽ മഹത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും" എന്ന് യോഹ 14,13-14 ൽ പറയുമ്പോൾ, യോഹ 15,7 ൽ ഇപ്രകാരം പറയുന്നു: "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും". അരൂപിയിലൂടെ ഈശോയുമായി ഐക്യം പുലർത്തുമ്പോഴാണ് നമുക്ക് ഈശോ

യുടെ നാമത്തിൽ സംസാരിക്കാനും പ്രവർത്തിക്കാനുമുള്ള ആധികാരികത ലഭിക്കുന്നത്. പുരോഹിതന് തന്റെ ശുശ്രൂഷയിലുണ്ടായിരിക്കേണ്ട ആധികാരികത ഇപ്രകാരമുള്ള ഒന്നാണ്. ഉത്ഥിതനായ, ജീവിക്കുന്ന മിശിഹായുമായി മനസ്സിന്റെയും ഹൃദയത്തിന്റെയും ഐക്യത്തിൽ ജീവിച്ചുകൊണ്ട്, അവിടുത്തെ ആധികാരികതയോടുകൂടെ പുരോഹിതശുശ്രൂഷ നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ പുരോഹിതനു കഴിയണം.

**3. പുരോഹിതശുശ്രൂഷ: ദൈവത്തെ അനുസരിക്കുന്ന ശുശ്രൂഷ**

"*അവർ അവരെ വിളിച്ച് ഈശോയുടെ നാമത്തിൽ യാതൊന്നും സംസാരിക്കുകയോ പഠിപ്പിക്കുകയോ അരുതെന്നു കല്പിച്ചു. പത്രോസും യോഹന്നാനും അവരോടു മറുപടി പറഞ്ഞു: ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നതു ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾത്തന്നെ വിധിക്കുവിൻ*" (4,18-19).

സുഖംപ്രാപിച്ച മനുഷ്യൻ അവരുടെ സമീപത്തു നില്ക്കുന്നതുകൊണ്ട് അധികാരികൾക്ക് പത്രോസിനോടും യോഹന്നാനോടും ഒന്നും എതിർത്തു പറയുവാനോ ചെയ്യുവാനോ കഴിഞ്ഞില്ല (4,14). അടയാളങ്ങളോടുകൂടി സുവിശേഷപ്രഘോഷണം നടത്തേണ്ടതിന്റെ ആവശ്യകതയാണ് ഇതു വ്യക്തമാക്കുന്നത്. സുവിശേഷത്തിൽ അത്ഭുതങ്ങളെയാണ് പ്രധാനമായും അടയാളങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്. അത്ഭുതങ്ങളെ 'അടയാളങ്ങൾ' എന്നു വിശേഷിപ്പിക്കുവാൻ കാരണം അവ അദൃശ്യനായ ദൈവത്തിന്റെ സാന്നിദ്ധ്യവും സ്നേഹവും വെളിപ്പെടുത്തുന്നതുകൊണ്ടാണ്. ഈശോയുടെ അത്ഭുതങ്ങളെല്ലാം സ്നേഹസ്പർശനങ്ങളായിരുന്നു. കേവലം അസാധാരണത്വമല്ല, മറിച്ച്, മനുഷ്യസാധാരണമല്ലാത്ത, ദൈവികമായ അസാധാരണസ്നേഹമാണ് ഈശോയുടെ അത്ഭുതങ്ങളെ അടയാളങ്ങളാക്കിത്തീർത്തത്. അപ്രകാരമുള്ള അടയാളങ്ങളാണ് സുവിശേഷപ്രഘോഷണത്തോടൊപ്പം ഉണ്ടായിരിക്കുമെന്ന് ഈശോ വാഗ്ദാനം ചെയ്തതും (മർക്കോ 16,17-18.20). സഭാസമൂഹത്തിന്റെ പ്രവർത്തനങ്ങളെല്ലാം ഇപ്രകാരമുള്ള അടയാളങ്ങളാണ്; ആവണം. അപ്രതിരോധ്യമായ സുവിശേഷപ്രഘോഷണത്തിന്റെ അടയാളങ്ങളാവണം.

പ്രതിരോധിക്കാൻ കഴിയാത്ത ഒരു നിസ്സഹായാവസ്ഥ ഉണ്ടായപ്പോൾ യഹൂദനേതൃത്വം പത്രോസിനെയും യോഹന്നാനെയും വിളിച്ച് ഈശോയുടെ നാമത്തിൽ യാതൊന്നും സംസാരിക്കുകയോ പഠിപ്പിക്കുകയോ അരുതെന്നു കല്പിച്ചു (4,18). അപ്പോൾ പത്രോസും യോഹന്നാനും മറുപടിയായി അവരോടു പറഞ്ഞു: "ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നതു ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾതന്നെ വിധിക്കുവിൻ. എന്തെന്നാൽ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ചു സംസാരിക്കാതിരിക്കാൻ

ഞങ്ങൾക്കു സാധ്യമല്ല" (4,19-20). ശ്ലീഹന്മാരുടെ മിശിഹാനുഭവമാണ് മനുഷ്യരെക്കാളുപരി ദൈവത്തെ അനുസരിക്കുവാൻ അവരെ പ്രാപ്തരാക്കിയത്. തന്റെ ശ്ലൈഹികമായ അനുഭവം യോഹന്നാൻ വിവരിക്കുന്നത് ഇപ്രകാരമാണ്: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1 യോഹ 1,1). അതുകൊണ്ട് ശ്ലീഹന്മാർക്കടുത്ത മിശിഹാനുഭവത്തെത്തന്നെയാണ് പത്രോസ്ശ്ലീഹാ ഇവിടെ പരാമർശിക്കുന്നത്. പുരോഹിതരുടെ മിശിഹാനുഭവമായിരിക്കണം മനുഷ്യരെക്കാളുപരി ദൈവത്തെ അനുസരിക്കുന്നവരായി പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ അവരെ പ്രാപ്തരാക്കേണ്ടത്. മിശിഹാരഹസ്യമാണല്ലോ പുരോഹിതൻ അനുദിനം പരികർമ്മം ചെയ്യുന്നത്. ദിവ്യരഹസ്യങ്ങൾ പരികർമ്മംചെയ്യുന്ന അവസരങ്ങളെല്ലാം പുരോഹിതർക്ക് മിശിഹാനുഭവത്തിൽ വളരുവാനുള്ള അവസരങ്ങളാണ്. വിശ്വാസത്തോടും ഭക്തിയോടും ശ്രദ്ധയോടുംകൂടി അവ പരികർമ്മം ചെയ്ത് മിശിഹാനുഭവത്തിൽ വളരുവാൻ ഓരോ പുരോഹിതനും ശ്രമിക്കണം.

**4. പുരോഹിതശുശ്രൂഷയും സഭാസമൂഹത്തോടുള്ള പ്രതിബദ്ധതയും**

*"മോചിതരായ അവർ സ്വസമൂഹത്തിലെത്തി പുരോഹിതപ്രമുഖന്മാരും ജനപ്രമാണികളും പറഞ്ഞ കാര്യങ്ങൾ അവരെ അറിയിച്ചു. അതുകേട്ടപ്പോൾ അവർ ഏകമനസ്സോടെ ഉച്ചത്തിൽ ദൈവത്തോടപേക്ഷിച്ചു: നാഥാ, ആകാശത്തിന്റെയും ഭൂമിയുടെയും സമുദ്രത്തിന്റെയും അവയിലുള്ള സകലത്തിന്റെയും സ്രഷ്ടാവേ, ... പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങി. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി ദൈവവചനം ധൈര്യപൂർവം പ്രസംഗിച്ചു''* (4,23-24.31).

മോചിതരായ പത്രോസും യോഹന്നാനും നേരെ പോയത് അവരുടെ സഭാസമൂഹത്തിലേയ്ക്കാണ്. അവർക്ക് പുരോഹിതപ്രമുഖന്മാരിൽനിന്നും ജനപ്രമാണികളിൽ നിന്നുമുണ്ടായ അനുഭവങ്ങൾ അവരുമായി പങ്കുവച്ചു (4,23). യാക്കോബ്ശ്ലീഹായുടെ വധത്തെത്തുടർന്ന് കാരാഗൃഹത്തിലടയ്ക്കപ്പെട്ട പത്രോസ് അത്ഭുതകരമായി അവിടെനിന്നു പുറത്തുവന്നപ്പോഴും ആദ്യം പോയത് പ്രാർത്ഥനയിൽ കഴിഞ്ഞിരുന്ന സഭാസമൂഹത്തിലേയ്ക്കാണ് (12,12). സഭാസമൂഹത്തോടുള്ള ശ്ലീഹന്മാരുടെ ഐക്യവും പ്രതിബദ്ധതയുമാണ് ഇവിടെ പ്രകടമാകുന്നത്. അധികാരികളിൽനിന്നുണ്ടായ തിക്താനുഭവം അവരുമായി പങ്കുവച്ചപ്പോൾ അവർ ഏകമനസ്സോടെ ഉച്ചത്തിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവർക്കു നേരിടേണ്ടിവന്ന പ്രതികൂല സാഹചര്യങ്ങളിൽ വചനം പൂർണ്ണധൈര്യത്തോടെ പ്രസംഗിക്കാനുള്ള അനുഗ്രഹമാണ് അവർ പ്രാർത്ഥനയിൽ യാചിച്ചത് (4,30). പ്രാർത്ഥന കഴിഞ്ഞ

പ്പോൾ പന്തക്കുസ്താനുഭവത്തിന്റെ ഒരു നവീകരണാനുഭവമുണ്ടാകുകയും, അതിന്റെ ഫലമായി സഭയൊന്നായി വചനം ധൈര്യപൂർവം പ്രസംഗിക്കുകയും ചെയ്തു.

പുരോഹിതശുശ്രൂഷയിൽ സഭാസമൂഹത്തോടുണ്ടായിരിക്കേണ്ട പ്രതിബദ്ധതയെയാണ് ഈ സംഭവം പ്രത്യേകം എടുത്തുകാണിക്കുന്നത്. അജപാലനശുശ്രൂഷ ഫലപ്രദമാകണമെങ്കിൽ അജപാലകനും അജഗണങ്ങളും തമ്മിൽ കൂട്ടായ്മയിൽ വർത്തിക്കണം. എല്ലാം പരസ്പരം പങ്കുവയ്ക്കുന്ന സ്നേഹത്തിന്റേതായ പ്രതിബദ്ധത അജപാലകന് അജഗണങ്ങളോടും അജഗണങ്ങൾക്ക് അജപാലകനോടും ഉണ്ടാകണം. ജീവിതത്തിൽ പരസ്പരമുള്ള ഈ പ്രതിബദ്ധതയുണ്ടാകണമെങ്കിൽ പ്രാർത്ഥനയിൽ അത് വളർത്തിയെടുക്കണം. അജപാലകൻ അജഗണങ്ങളോടൊന്നിച്ച് പ്രാർത്ഥിക്കുവാൻ അവസരങ്ങൾ ഉണ്ടാക്കണം. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചുജീവിക്കും. ഇപ്രകാരം പ്രാർത്ഥനയിലും കൂട്ടായ്മയിലും സഭാസമൂഹത്തെ വളർത്തണമെങ്കിൽ അവരെ ശരിയായി പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം. പ്രാർത്ഥനയുടെ കളരി സഭയുടെ ലിറ്റർജിയാണ്. അതുകൊണ്ട് പുരോഹിതൻ സഭയുടെ യാമപ്രാർത്ഥനകൾ കൃത്യനിഷ്ഠയോടെ ചൊല്ലുന്നവനും അതു ചൊല്ലുവാൻ ജനങ്ങളെ പഠിപ്പിക്കുന്നവനുമായിരിക്കണം. സഭയുടെ ലിറ്റർജിക്കൽ പ്രാർത്ഥനകൾ ശരിയായ ആഭിമുഖ്യമുള്ള പ്രാർത്ഥനകളായതുകൊണ്ട് അവയിൽ പരിശീലിപ്പിക്കപ്പെട്ടാൽ സഭാസമൂഹം ദൈവത്തോടും അജപാലകനോടും പരസ്പരവും, കൂട്ടായ്മയിലും പ്രതിബദ്ധതയിലും വളരുന്ന ഒരു സമൂഹമായിത്തീരും.

**5. പുരോഹിതശുശ്രൂഷയും സഭാകൂട്ടായ്മയും**

"*വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. ... അവരുടെയിടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരുമുണ്ടായിരുന്നില്ല. കാരണം, പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റുകിട്ടിയ തുക ശ്ലീഹന്മാരുടെ കാല്ക്കലർപ്പിച്ചു. അത് ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു*" (4,32.34-35).

ആദിമസഭാസമൂഹത്തിന്റെ കൂട്ടായ്മാസ്വഭാവം വ്യക്തമാക്കുന്ന ഒരു ഭാഗമാണിത്. വീരോചിതമായ സാഹോദര്യജീവിതം നയിക്കുന്ന ഒരു സമൂഹമായിരുന്നു ആദിമസഭ. "ഒരു ഹൃദയവും ഒരാത്മാവും" എന്ന വിശേഷണമാണ് ആദിമസഭയ്ക്ക് നല്കിയിരിക്കുന്നത്. "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുള്ളതെല്ലാം പൊതുവായി കരുതുകയും ചെയ്തു" (2,44) എന്ന സ്ഥിതിവിശേഷമാണ് ഈ വിശേഷണംകൊണ്ട് ഉദ്ദേശിക്കുന്നത്. ഈശോയുടെ മാതൃ

കയിൽനിന്നുരുത്തിരിഞ്ഞ പരസ്പരസ്നേഹമായിരുന്നു ആദിമസഭാസമൂഹത്തിന്റെ മുഖമുദ്ര (യോഹ 13,34-35). ബാഹ്യമായ എന്തെങ്കിലും നിയമനിർമ്മാണത്തിന്റെ ഫലമായിട്ടുണ്ടായ ഒരു സ്ഥിതിവിശേഷമല്ലായിരുന്നു ഇത്. അഞ്ചാം അദ്ധ്യായത്തിൽ പത്രോസ്ശ്ലീഹാ അനനിയാസിനോടു പറയുന്ന വാക്കുകളിൽനിന്നും (5,3-4) ഇതു വ്യക്തമാകുന്നുണ്ട്. ഈശോയുടെ സ്നേഹം മാത്രമാണ് ഇപ്രകാരം എല്ലാം പങ്കുവയ്ക്കാൻ ആദിമക്രൈസ്തവരെ പ്രേരിപ്പിച്ചത്.

സഭാകൂട്ടായ്മ എന്നും ഇപ്രകാരം ഒരു കൂട്ടായ്മയായി കെട്ടിപ്പടുക്കപ്പെടണം എന്നതാണ് ഈശോയുടെ ആഗ്രഹം. എങ്കിൽമാത്രമേ സഭ മിശിഹായുടെ സ്നേഹത്തിനു സാക്ഷ്യം നല്കുന്ന ഒരു സമൂഹമായി ലോകത്തിൽ നിലകൊള്ളുകയുള്ളു. ഈശോ സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചപ്പോഴും ഇതു മാത്രമാണ് പ്രാർത്ഥിച്ചത്: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും, അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,21). ഇപ്രകാരം സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനുള്ള ശുശ്രൂഷയാണ് പുരോഹിതശുശ്രൂഷ. പരസ്നേഹത്തിന്റെ കല്പനയെക്കുറിച്ചും ദാരിദ്ര്യ ചൈതന്യത്തിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള ബോധവൽക്കരണം സഭാസമൂഹത്തിനു നല്കണം. പൊതുവായ ആവശ്യങ്ങൾ സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി, അവ പരിഹരിക്കാൻ ആവശ്യകമായവ പങ്കുവയ്ക്കാൻ അവസരമൊരുക്കി സഭാകൂട്ടായ്മയെ കെട്ടിപ്പടുക്കുവാൻ പുരോഹിതൻ നിരന്തരമായി ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. മിശിഹാശിഷ്യത്വത്തിലേക്കുള്ള വിളി രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണെന്ന ബോദ്ധ്യത്തോടെയാണോ ഞാൻ പൗരോഹിത്യത്തിലേക്കുള്ള എന്റെ വിളിക്ക് പ്രത്യുത്തരം നല്കുന്നത്?
2. ഉത്ഥിതനായ ഈശോയുമായി അരൂപിയിലുള്ള ഐക്യത്തിലാണോ എന്റെ പുരോഹിതശുശ്രൂഷയുടെ ആധികാരികത ഞാൻ കാണുന്നത്?
3. മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കുന്ന ഒരു ശൈലിയാണോ അജപാലനശുശ്രൂഷയിൽ എനിക്കുള്ളത്?
4. പ്രാർത്ഥനയിലും ശുശ്രൂഷയിലും ഞാൻ സഭാസമൂഹത്തോട് എത്രമാത്രം പ്രതിബദ്ധത പുലർത്തുന്നുണ്ട്?
5. ഒരു ഹൃദയവും ഒരാത്മാവുമുള്ള സമൂഹമായി ഇടവകയെ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?



# സെമിനാരി വിശേഷം

- ഏപ്രിൽ 15 മുതൽ മെയ് 6 വരെ Major Seminarians get together നടന്നു.
- ഏപ്രിൽ 21-24 വരെ ആൺകുട്ടികളുടെ വൊക്കേഷൻ ക്യാമ്പ് സെമിനാരിയിൽ വച്ച് ഫാ. ഡിബിൻ ആലുവാശ്ശേരി വി.സി. യുടെ നേതൃത്വത്തിൽ നടന്നു. 82 പേർ പങ്കെടുത്തു.
- രൂപതാ വൊക്കേഷൻ കമ്മീഷന്റെ നേതൃത്വത്തിലുള്ള ഏപ്രിൽ 23-28 വരെയുള്ള ദിനങ്ങളിലെ ഉപവാസ പ്രാർത്ഥന യജ്ഞത്തിൽ മൈനർ സെമിനാരിക്കാരെല്ലാവരും പങ്കെടുത്തു.
- പുതിയ അധ്യയനവർഷത്തിനായി മൈനർ സെമിനാരിക്കാരെല്ലാം 24ന് സെമിനാരിയിൽ തിരിച്ചെത്തി.
- ജൂൺ 10ന് നവാഗതരെ സ്വീകരിക്കാൻ സെമിനാരി ഒരുങ്ങുന്നു.
- സെമിനാരിയിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്ത് ചിറ്റിശ്ശേരി കോൺവെന്റിലേക്ക് മാറിപ്പോയ സി. സിൽവി LSMSന് ഞങ്ങളുടെ പ്രാർത്ഥനയോടെയുള്ള യാത്രാമംഗളങ്ങൾ നേരുന്നു.

**ഫാ. ജോയ് ചിറ്റിലപ്പിള്ളി,** റെക്ടർ

# മദർ തെരേസ പീസ് ഹോം

മദർ തെരേസ പീസ് ഹോമിലേയ്ക്ക് പുതിയതായി ഡിണ്ടിക്കൽ നിന്നും കടന്നുവന്നിരിക്കുന്ന കീർത്തികയ്ക്കും, കോയമ്പത്തൂരിൽ നിന്നും കടന്നുവന്നിട്ടുള്ള ലോകനായികയ്ക്കും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും തട്ടകത്തിലേയ്ക്ക് സ്വാഗതം. അങ്ങനെ കരുണയുടെ ഭവനത്തിൽ മക്കളുടെ എണ്ണം പതിനാലായി വർദ്ധിച്ചു.

**കരുണാദീപം വളർച്ചയുടെ പാതയിൽ**

വാർത്തകളും വിശേഷങ്ങളും ഈ കാലഘട്ടത്തിന്റെ പ്രത്യേകതയായി മാറുമ്പോൾ കരുണയുടെ ഭവനത്തിന്റെ രണ്ടാം പതിപ്പുമായി കരുണാദീപം പുറത്തിറങ്ങി. ഇത് മനോഹരമാക്കാൻ ശ്രമിച്ച എല്ലാ അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**നന്മയും സൗഹൃദവും ഒത്തുചേരുമ്പോൾ**

ഘട്ടംഘട്ടമായി ഈ ഭവനത്തിൽ കടന്നുവന്ന് സൗഹൃദം പങ്കുവെയ്ക്കുകയും ഞങ്ങളുടെ ശുശ്രൂഷയിൽ പങ്കുചേരുന്നവർക്കും സാമ്പത്തികസഹായം നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന എല്ലാ ഹൃദയങ്ങൾക്കും അഭിനന്ദനങ്ങൾ.

**ഇന്നിന്റെ ആവശ്യം**

അനാഥരേയും ആലംബഹീനരേയും സഹായിക്കാൻ സന്നദ്ധരും അർപ്പണബോധവും ഉള്ള എല്ലാവർക്കും ഞങ്ങളുടെ ശുശ്രൂഷയിലേയ്ക്ക് സ്വാഗതം. നിത്യതയിൽ നിങ്ങൾക്കും പങ്കുചേരാം.

**ഏപ്രിൽ മാസത്തെ സഹായ ഹസ്തങ്ങൾ**

| | | |
|---|---|---|
| 1. | Sathya Erode | 200.00 |
| 2. | Mathew Academy, Namakkal | 7000.00 |
| 3. | Benny Joseph, Mangalamdam | 2500.00 |
| 4. | Mrs. Priya, Erode | 1000.00 |
| 5. | Jesus Youth, Ramanathapuram | 3000.00 |
| 6. | Keerthana Saravanampetty | 500.00 |
| 7. | A Well wisher, Tirupur | 500.00 |
| 8. | Mr. Linto K.K., Vadavali | 2500.00 |
| 9. | Joseph Samuel, Velampalayam | 7237.00 |
| 10. | SIB Regional Office, Cbe | 50000.00 |
| 11. | Mrs. Nalini, Tirupur | 1000.00 |
| 12. | Ashin P. Johnson, Tirupur | 5000.00 |
| 13. | Shainto Poulose, Padinjakkara House, TCR | 5000.00 |
| 14. | Eden Food Products | 5000.00 |
| 15. | Mary Baby Anjali, Valparai | 500.00 |
| 16. | Elight Fashions, Vengamedu | 5000.00 |
| 17. | Joseph Matha Nivas, Tirupur | 1810.00 |
| 18. | Mr. Mathew Konathapally | 71800.00 |
| 19. | Shaldrin Malcom Pereira | 6000.00 |



## വിശ്വാസപരിശീലനം

ഈ വർഷത്തെ രൂപതാമതബോധനവർഷം ഉദ്ഘാടനം ഓരോ ഫൊറോനകളിലും ജൂൺ 3ന് രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 2.00 മണിവരെയായിരിക്കും നടത്തപ്പെടുക. എല്ലാ ടീച്ചേഴ്സും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. അന്നേദിനം കുർബാന ഉണ്ടായിരിക്കുന്നതാണ്. രാമനാഥപുരത്ത് റവ. ഫാ. ആന്റണി പയ്യപ്പിള്ളിയും, ഗാന്ധിപുരത്ത് റവ. ഫാ. വർഗ്ഗീസ് പുത്തനങ്ങാടിയും, ഈറോഡ് റവ.

ഫാ. ദീപു വള്ളിക്കുന്നേലും ആയിരിക്കും ദിവ്യബലി അർപ്പിക്കുന്നത്.
രാമനാഥപുരം ഫൊറോന - ഹോളിട്രിനിറ്റി കത്തീഡ്രൽ, രാമനാഥപുരം
ഗാന്ധിപുരം ഫൊറോന - ലൂർദ്ദ് ഫൊറോനപള്ളി, ഗാന്ധിപുരം
ഈറോഡ് ഫൊറോന - ലൂർദ്ദ്മാതാ ഫൊറോനപള്ളി, ഈറോഡ്
അന്നേദിനം കാറ്റികിസം ഫോമുകൾ, കാറ്റികിസം ഡയറി, ടെക്സ്റ്റ് ബുക്ക് എന്നിവ നല്കുന്നതായിരിക്കും.

**മതബോധനവർഷം :** ജൂൺ 10ന് മതബോധനവർഷം ആരംഭിക്കുന്നു.

**സെമിനാർ :** ഗാന്ധിപുരം ഫൊറോനയിലെ ടീച്ചേഴ്സിനായുള്ള സെമിനാർ കൗണ്ടംപാളയം പള്ളിയിൽവച്ച് ജൂൺ 24ന് രാവിലെ 9.30 മുതൽ 4.00 മണിവരെ നടത്തുന്നതായിരിക്കും. റവ. ഫാ. കുര്യൻ പുരമടത്തിൽ ആയിരിക്കും ക്ലാസ്സുകൾ നയിക്കുന്നത്. അന്നത്തെ സൺഡെ ക്ലാസ്സ് നയിക്കുന്നതിനായി ഗാന്ധിപുരം ഫൊറോനയിലെ എല്ലാ യൂണിറ്റിലേക്കും ഫിയാത്ത് മിഷൻ ടീം അംഗങ്ങൾ ഈരണ്ടുപേർ വരുന്നതാണ്. എല്ലാ ടീച്ചേഴ്സും നിർബന്ധമായും ഈ സെമിനാറിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യത്തിനാണ് ഇപ്രകാരം ക്രമീകരിച്ചിരിക്കുന്നത്.

കാറ്റികിസം ബുക്കിന്റെ ഓഡർഫോം തരാത്തവർ എത്രയുംവേഗം ഓഡർ ഫോം കാറ്റികിസം സെന്ററിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**റിസോഴ്സ് ടീം :** ഈ മാസത്തെ റിസോഴ്സ് ടീം സെമിനാർ ജൂൺ 3ന് ഉച്ചയ്ക്ക് 2.45 മുതൽ 5.00 മണിവരെ ഗാന്ധിപുരം പാരീഷ്ഹാളിൽ വച്ച് നടത്തുന്നതായിരിക്കും.

**നന്ദി :** കാറ്റികിസം ഡയറക്ടർ റവ. ഫാ. ജോബി തെക്കിനിയേടത്തിന്റെ അദ്ധ്യക്ഷതയിൽ ഓരോ ഫൊറോനയിലും നടത്തിയ കമ്മറ്റി മീറ്റിംഗിൽ പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം നടത്തുവാനുള്ള പ്രോഗ്രാമുകൾ ആസൂത്രണം ചെയ്യുകയുണ്ടായി. എല്ലാം ഭംഗിയായി ക്രമപ്പെടുത്താൻ സഹായിച്ച, സഹകരിച്ച എല്ലാ ഫൊറോന വികാരിമാർക്കും. H.Ms നും ഒത്തിരി നന്ദി.

**ഫാ. ജോബി തെക്കിനേടത്ത്,** ഡയറക്ടർ

## ഫാമിലി അപ്പോസ്തലേറ്റ്

**നല്ലൊരു തുടക്കം ആരംഭിക്കാം**

ഏപ്രിൽ - മെയ് മാസങ്ങളിൽ vacation mood എല്ലാം കഴിഞ്ഞ് നല്ലൊരു തുടക്കത്തിന് ആരംഭമിടാം.

**നന്ദി :** 3 വർഷത്തോളം ഫാമിലി അപ്പസ്തോലേറ്റിന് സെക്രട്ടറിയായി സേവനം ചെയ്ത് സ്ഥലംമാറിപ്പോകുന്ന സി. നിർമ്മല സി.എച്ച്.എഫ്. ന് 15-05-2018ന് പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ

കോർകമ്മിറ്റിയിൽ സിസ്റ്ററിന്റെ പ്രവർത്തനങ്ങളെകുറിച്ച് അഭിവന്ദ്യ പിതാവ് പ്രകീർത്തിച്ച് സംസാരിക്കുകയും രൂപതയുടെ തലത്തിൽ സമ്മാനം നല്കി ആദരിക്കുകയും ചെയ്തു.

**ഫാ. ജോർജ്ജ് ചെറുവത്തൂർ,** ഡയറക്ടർ



# നവീകരണ മുന്നേറ്റം

**ഏകദിനധ്യാനം :** രൂപതാ കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ജൂൺ മാസത്തിലെ ഏകദിനധ്യാനം ഗാന്ധിപുരം ലൂർദ്ദ് ഫൊറോന ദേവാലയത്തിൽ പതിവുപോലെ ഉണ്ടായിരിക്കുന്നതാണ്. ജൂൺ 2 മാസാദ്യ ശനിയാഴ്ച രാവിലെ 9.00 മണിക്ക് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30ന് ധ്യാനം അവസാനിക്കുന്നു. ഈ ദിവസത്തെ ധ്യാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത് ഫാ. ഫ്രാൻസിസ് എടാട്ടുക്കാരൻ OFM Cap. ആണ്.

**ജാഗരണ പ്രാർത്ഥന :** ജൂൺമാസത്തെ ജാഗരണ പ്രാർത്ഥന 8-ാം തീയതി വെള്ളിയാഴ്ച രാത്രി 9.00 മണിക്ക് ആരംഭിച്ച് 9-ാം തീയതി പുലർച്ചെ 2 മണിക്ക് സമാപിക്കുന്നതാണ്. ശുശ്രൂഷയ്ക്കും ആരാധനയ്ക്കും നേതൃത്വം വഹിക്കുന്നത് ബ്ര. ഷിബു അടൂർ ആയിരിക്കും.

ഏകദിനധ്യാനത്തിലും ജാഗരണ പ്രാർത്ഥനയിലും സാധിക്കുന്നിടത്തോളം ദൈവമക്കളെ കൂട്ടിക്കൊണ്ടുവരുവാൻ എല്ലാവരും പരിശ്രമിക്കുമല്ലോ. കഴിഞ്ഞൊരു അദ്ധ്യയനവർഷത്തിൽ നല്ല ദൈവം നമ്മുടെ മക്കൾക്ക് നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും കൃപകൾക്കും നന്ദിപറയുവാനും പ്രാർത്ഥനയോടുകൂടി പുതിയൊരദ്ധ്യയന വർഷത്തിലേക്ക് പ്രവേശിക്കാനും മക്കളെ കൊണ്ടുവരുന്നത് ദൈവത്തിന് പ്രീതികരമായിരിക്കും.

**ഫാ. ജോസഫ് പുത്തൂർ,** ഡയറക്ടർ

# സീറോ മലബാർ മാതൃവേദി

സ്നേഹമുള്ള അമ്മമാരെ,

ജൂൺമാസം ഈശോയുടെ തിരുഹൃദയത്തിന് പ്രത്യേകം സമർപ്പിക്കപ്പെട്ട മാസമാണല്ലോ. തിരുഹൃദയ ഭക്തിയിൽ വളരാൻ പരിശ്രമിക്കുമല്ലോ. വണക്കമാസം വീടുകളിൽ മുടക്കമില്ലാതെ ചൊല്ലുക. തിരുഹൃദയത്തിരുനാൾ ദിനം തിരുഹൃദയപ്രതിഷ്ഠ

പുതുക്കുക. ഈശോയുടെ തിരുഹൃദയരൂപം പൂക്കൾകൊണ്ട് അലങ്കരിക്കുക. പരി. കുർബാനയുടെ തിരുനാൾ ജൂൺ 31ന് കുമ്പസാരിച്ചൊരുങ്ങി വി. കുർബാനയിൽ പങ്കെടുക്കുക. 2018 വർഷത്തെ പ്രവർത്തനകലണ്ടറിന്റെ അവസാന മിനുക്കുപണി കളിലാണ്. ഏവർക്കും ദൈവാനുഗ്രഹം നേരുന്നു.

**ഫാ. ഷിന്റോ പാറയിൽ,** ഡയറക്ടർ

# കത്തോലിക്കാ കോൺഗ്രസ്സ്

**ജന്മശതാബ്ദി ആഘോഷങ്ങൾ**

മെയ് 13ന് തൃശ്ശൂരിൽ നടന്ന കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഘോഷങ്ങൾ നമ്മുടെ രൂപതയിൽനിന്ന് പ്രതിനിധീകരിച്ച ഭാരവാഹികളും പ്രവർത്തകരും വിവിധ ഇടവകകളിൽനിന്ന് പങ്കെടുത്ത എല്ലാവർക്കും നന്ദിപറയുന്നു. ഇതിന്റെ ഭാഗമായി നടത്തപ്പെട്ട, പ്രാർത്ഥനാദിനം, പതാകദിനം, ബൈക്ക് റാലി എന്നിവക്ക് നേതൃത്വം കൊടുത്ത എല്ലാ ഭാരവാഹികൾക്കും എല്ലാറ്റിനും പ്രോത്സാഹിപ്പിച്ച എല്ലാ വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദിപറയുന്നു. എല്ലാവരെയും ആവേശമുണർത്തി അഭിവന്ദ്യ പിതാവിനും നന്ദിരേഖപ്പെടുത്തുന്നു. തൃശ്ശൂരിൽവന്ന് പങ്കെടുത്ത എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ

**ജൂൺമാസം :** ഇടവകയിൽ മീറ്റിംഗ് കൂടി കത്തോലിക്കാ കോൺഗ്രസ്സിന് കൂടുതൽ അംഗങ്ങളെ ചേർക്കുകയും പുതിയ യൂണിറ്റുകൾ ഇല്ലാത്ത സ്ഥലങ്ങൾ സ്ഥാപിക്കുകയും ചെയ്യുക. ഇടവക വികാരിയച്ചന്മാർ പ്രത്യേകം താല്പര്യം കാണിക്കണേ.

**ഫാ. തോമസ് കാവുങ്കൽ,** ഡയറക്ടർ



# പിതൃവേദി

പിതൃവേദിയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് എല്ലാ ഇടവകയിലും എല്ലാവരും ഒരുമിച്ച് കൂടണമെന്ന് ഓർമ്മിപ്പിക്കുന്നു. നമ്മുടെ രൂപതയുടെ വിസ്തൃതി തമിഴ്നാട്ടിലെ പത്തുജില്ലകൾകൂട്ടി വികസിപ്പിച്ചിരിക്കുന്നതുകൊണ്ട് ആ പ്രദേശങ്ങളിൽ നമ്മുടെ പരിചയത്തിലോ ജോലിസംബന്ധമായ യാത്രയിലൊ കണ്ടുമുട്ടുന്ന സീറോമലബാർ വിശ്വാസികളെ കണ്ടെത്തുവാനും അവരുടെ വിവരങ്ങൾ ശേഖരിക്കുവാനും പിതൃവേദി അംഗങ്ങൾ പ്രത്യേകം

താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ജൂലൈ മാസത്തിൽ മൂന്ന് ഫൊറോനകളിലും ഫൊറോന സംഗമങ്ങൾ നടത്താൻ ഫൊറോന ഭാരവാഹികളോട് ഇടവകകൾ സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

**ഫാ. ജോസഫ് ആലപ്പാടൻ,** ഡയറക്ടർ



# എസ്.എം.വൈ.എം.

**യുവജന നവീകരണധ്യാനം Thrive 2018**

1. മിശിഹായിൽ സ്നേഹമുള്ള യുവജനങ്ങളെ ജൂൺ 15, 16, 17 ദിനങ്ങളിൽ ചിന്താമണി പുത്തൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ യുവജനങ്ങൾക്കായ് Thrive 2018 നവീകരണധ്യാനം നടത്തപ്പെടുന്നു.
2. നമ്മുടെ ഇടവകയിലുള്ള എല്ലാ യുവജനങ്ങളെയും പ്രത്യേകിച്ച് ജോലിക്കും പഠന ആവശ്യങ്ങൾക്കുമായി തമിഴ്നാടിന് പുറത്ത് താമസിക്കുന്നവരേയും ഈ യുവജന-നവീകരണ ധ്യാനത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു.
3. വികാരിയച്ചന്മാർ തങ്ങളുടെ യൂണിറ്റിലെ യുവജനങ്ങളെ പറഞ്ഞയക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ധ്യാനത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

- 15-06-2018 വെള്ളിയാഴ്ച രാവിലെ 10.00ന് രജിസ്ട്രേഷൻ
- രജിസ്ട്രേഷൻ ഫീ 350/-
- 15-06-2018 രാവിലെ 11.30ന് ധ്യാനം ആരംഭിക്കുന്നു.
- 17.06.2018 വൈകുന്നേരം 4.00 മണിക്ക് ധ്യാനം അവസാനിക്കുന്നു.

4. യുവജനങ്ങളെല്ലാവരും പേന, പുസ്തകം, ബൈബിൾ, താമസിക്കാനുള്ള വസ്ത്രങ്ങൾ, ബെഡ്ഷീറ്റ് എന്നിവ പ്രത്യേകം കരുതേണ്ടതാണെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**ഫാ. ബിജോ പാലായിൽ,** ഡയറക്ടർ

# സാന്തോം ക്രിയേഷൻസ്

അമ്മപാളയം സാന്തോം ക്രിയേഷന്റെ ഡയറക്ടേഴ്സ് ബോർഡ് മീറ്റിംഗ് മെയ് 28 തിങ്കളാഴ്ച 2.30ന് കൂടുകയുണ്ടായി. അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് അദ്ധ്യക്ഷതവഹിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ പുലിക്കോട്ടിൽ സ്വാഗതം പറഞ്ഞ് റിപ്പോർട്ട് അവതരിപ്പിച്ചു. കമ്പനി സർട്ടിഫിക്കേഷനുവേണ്ടി ഇതുവരെ നടത്തിയ കാര്യങ്ങൾ ചർച്ച ചെയ്തു. കൂടുതൽ ഉത്സാഹത്തോടും വീഴ്ചകൾ

സംഭവിക്കാതെയും കമ്പനി പ്രവർത്തനങ്ങൾ കൊണ്ടു പോകണമെന്നും ശ്രദ്ധ വേണമെന്നും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. ഏപ്രിൽ മാസത്തെ കണക്കുകൾ അവതരിപ്പിച്ചു. ശ്രീ. ബിജു നിലവിലെ ഓർഡറുകളെ കുറിച്ച് വിവരിച്ചു. പ്രാർത്ഥനയോടെ 4.30ന് മീറ്റിംഗ് സമാപിച്ചു.

**ഫാ. പോൾ പുലിക്കോട്ടിൽ,** ഡയറക്ടർ



## വൊക്കേഷൻ ബ്യൂറോ

**വൊക്കേഷൻ ക്യാമ്പ് – 2018**

രാമനാഥപുരം രൂപതയുടെ ഈ വർഷത്തെ വൊക്കേഷൻ ക്യാമ്പ് കുനിയമുത്തൂരിലുള്ള നിർമ്മല മാതാ കോൺവെന്റ് സ്കൂളിലും വടക്കുകാടുള്ള രൂപതാ മൈനർ സെമിനാരിയിലും നടന്നു. ക്യാമ്പുകൾക്ക് നേതൃത്വം നൽകിയത് വൊക്കേഷൻ കമ്മീഷൻ അംഗങ്ങളും രൂപതാ സെമിനാരിക്കാരുമാണ്. ക്ലാസ്സുകൾ നയിച്ചത് ഫാ. ഡിബിൻ ആലുവാശ്ശേരി വി.സി. (ആൺകുട്ടികൾക്ക്) ഫാ. സിബിൻ കരുത്തി ..... (പെൺകുട്ടികൾക്ക്) വിവിധ ഇടവകകളിൽനിന്നായി 149 പേർ പങ്കെടുത്തു. ജീസ്സസ് യൂത്ത് അംഗങ്ങളും ബ്രദേഴ്സും സിസ്റ്റേഴ്സും Action Song, Adoration Songs, ക്വിസ് മത്സരങ്ങൾ, Group activities എന്നിവക്ക് സഹായമായിരുന്നു. കൗൺസിലിംഗ് Conference, Confession Holy Mass കുട്ടികൾക്ക് വളരെ അനുഗ്രഹപ്രദമായെന്ന് രേഖപ്പെടുത്തി. വിവിധ വൊക്കേഷൻ സ്വീകരിച്ചവരുടെ പങ്കുവക്കലുകൾ ഒത്തിരി വിദ്യാർത്ഥികൾക്ക് പ്രചോദനമായി. ക്യാമ്പിനും ഉപവാസ പ്രാർത്ഥന ശുശ്രൂഷക്കും സഹായിച്ച വൊക്കേഷൻ കമ്മിഷൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. റിജു ആലപ്പാട്ടിനും സെക്രട്ടറി സി. തെരേസ സി.എം.സി.ക്കും മറ്റംഗങ്ങൾക്കും നന്ദിരേഖപ്പെടുത്തുന്നു.

**Vocation Camp 2018**

**Income**

| | | | |
|---|---|---|---|
| Registration fees | 14800.00 | Mess expense | 69595.00 |
| Dr. George Sacaria | 10000.00 | Flex & Printing | 3895.00 |
| From Bishop house | 69615.00 | Allowances | 11500.00 |
| | | Refreshment | 7200.00 |
| | | Stationary | 2225.00 |
| | **94415.00** | | **94415.00** |

# MEDICAL FRATERNITY

## TOPIC- "Know YourThyroid"

Thyroid gland is a small gland located in front of the neck just below the voice box .It secretes two hormones T3 and T4 and they are very important forPhysical and mental growth . These two hormones are controlled by thyroid stimulating hormone (TSH) produced by the pituitary gland

There are two types of thyroid disorders – 1)Goiter 2) Thyroid dysfunction – Hypothyroidism and Hyperthyroidism

1)Goiter – means abnormal size of the thyroid gland which may or may not have symptoms of an associated disorder

2)Thyroid dysfunction – hypothyroidism and hyperthyroidism

**Who should be tested for thyroid ?**

Women above 35 years of age

High cholesterol

Who have gained weight more than 2kg in 3months

Exhausted and fatigue

Abnormalities in menstrual history

Those suffering from infertility

Family history of thyroid

**Why women are prone to thyroid disease ?**

Women have five fold risk factor than men in getting thyroid dysfunction .

They have to undergo Menstrual cycle , pregnancy , delivery and associated female hormone and also stress factor

**HYPOTHYROIDISM**

Low secretion of thyroid hormones is called hypothyroidism

**Symptoms**

The symptom of hypothyroidism is mainly dependent on the amount of decrease in thyroid hormones and the extent of decrease of hormones in the body.

Weight gain,fatigue, loss of hair, low heart rate, hoarseness in voice, decreased concentration, puffiness of face or round face

and neck .memory and mental impairment, tingling in fingers

In ladies with extra symptoms like infertility, miscarriages, irregular or heavy menstrual bleeding.

**Why persons affected by hypothyroidism are overweight?**

The food that we consume should be converted into energy in normal person. In hypothyroidism due to lack of hormones the energy conversion is reduced and so graduallyaccumulation of fat takes place leading to weight gain .

**How to confirm that you have hypothyroidism ?**

Test for TSH (thyroid stimulating hormone) in the blood, increased level indicates hypothyroidism and also test for FT3 (Freethyroxine) and FT4 (free triiodothronine ) , decreased level confirms the disease .

**HYPERTHYROIDISM**

More secretion of thyroid hormones is called hypothyroidism

Symptoms

The thyroid gets over stimulated and produce high level of hormones which the pituitary fail to control. . the increased output of hormones produce some or all symptoms associated with hyperthyroidism

**Symptoms :** Palpitation, sweating ,heat intolerance, nervousness , irritability , increased bowel movements ,fatigue, increased heart rate , weight loss , trembling hands , hair loss , staring gaze .

In ladies, scanty menstruation or absence of menstruation

**How to confirm that you have hyperthyroidism?**

Low levels of TSH . High levels of FT3( Free thyroxine ) and FT4 (free triiodothronine ) level confirms the disease.

**By Dr AnuCherianB.A.M.S** **Dr Joseph's Ayurworld Olympus Bus stop**

Fr. Johnson Veeppattuparambil,
Director

(Sd-)
Dr. Ajith Shinto,
President

(Sd-)
Sr. Sudeepa CMC, Secretary

## SNIPPETS

| | |
|---|---|
| Starting of the Coimbatore Mission | 29th April 1955 |
| Formation of Coimbatore Forane | Nov. 1973 |
| Erection of the Eparchy of Palghat | 20th June 1974 |
| Inauguration of the Eparchy of Palghat | 8th Sept 1974 |
| Inauguration of the Coimbatore Region and Formation of 3 Foranes | 1st May 2008 |
| Erection of the Eparchy of Ramanathapuram | 18th Jan 2010 |
| Inauguration of the Eparchy of Ramanathapurm & Episcopal Ordination of Msgr. Paul Alappatt | 11th April 2010 |
| Inauguration of the Ist Pastoral Council | 29th April 2010 |
| Ist Eparchial Day & Releasing of the Eparchia Logo and Anthem (Chief Guest: Mar Andrews Thazhath, Metropolitan Archbishop of Trichur) | 4th July 2010 |
| Inauguration & Blessing of Eparchial Catechetical Centre (Gandhipuram) & Animation Centre (Ukkadam) (Temporary) | 12th October 2010 |
| Blessing of the Arokiamatha Chapel, Pollachy | 18th October 2010 |
| Blessing & Inauguration of "Santhom Creations", Tirupur | 25th October 2010 |
| Blessing foundation Stone for the Eparchial Minor Seminary (H.E. Mar Jacob Manathodath) | 06th January 2011 |
| Inauguration of the 2nd Pastoral Council | 11th June 2011 |
| Inauguration of "St. Mary's Minor Seminary", at temporary building in Edayapalayam | 12th June 2011 |
| Releasing of the 1st Diocesan Directory (Mar Bosco Puthur) | 03rd July 2011 |
| Inauguration of the Mission Year | 10th Sept. 2011 |
| Inauguration of the Diocesan Website | 10th Sept. 2011 |
| Consecration of the Karunya Matha Church Karunya Nagar (Perur) | 08th Dec. 2011 |
| Erection of the Parish Udumalpet | 07 Jan. 2012 |
| Starting of the Dharapuram Mission | 4th March 2012 |
| Blessing of the Presbytery, Karamadai | 06th May 2012 |
| The Pastoral visit of the Major Archbishop Mar George Cardinal Alencherry | 6th-8th July 2012 |
| 03rd Eparchial day | 8th July 2012 |
| Blessing of the foundation stones for Bishop's House & Pastoral Centre by the Major Archbishop | 8th July 2012 |
| Erection of the Parish Sulur Aero | 15th July 2012 |
| Inauguration of the Eparchial Santhom Social Service Society | 18th August 2012 |
| Laying foundation Stone for the Minor Seminary at Kozhinjampara | 18th January 2013 |
| Consecration of the Good Shepherd Church, Karamadai | 20th January 2013 |
| Starting of Vadavally Mission | 10th February 2013 |
| Starting of Ettimada Mission | 17th February 2013 |
| Starting of St. Alphonasa Mission, Edayarpalayam (Mettupalayam) | 03rd March 2013 |
| Starting of Athipalayam Pirivu Mission(Ganapathy, Gandhipuram) | 11th August 2013 |
| Starting of Sowripalayam Mission | 20th October 2013 |
| Consecration of the St. Judes Church, Dharapuram | 21st Dec. 2013 |
| Sifting of the Minor Seminary to the New building in Vadakkukadu (Kozhinjampara) | 06th Jan 2014 |

| | |
|---|---|
| Consecration of St. Alphonsa Church, Palladam | 1st Feb 2014 |
| Starting of Holy Mass at Peelamedu (Sitra) | 2nd Feb 2014 |
| Blessing of Presbytery, Dharapuram | 23rd Feb 2014 |
| Perpetual Adoration Centre at Lourde Forane Church, Gandipuram | 8th Dec 2014 |
| Laying foundation stone for Mother Theresa Peace Home, Tirupur | 11th Apr 2015 |
| Laying foundation stone for the new church at Kuniamuthur | 25th Apr 2015 |
| "Samarpithavarsham" at Ramanathapuram Cathedral in connection with the year of the Consecrated (2014 Nov. 30-2016 Feb.02) | 14th Jun 2015 |
| Laying Foundation Stone for the Community hall at "Rosary Garden" (RNM) | 11th Aug 2015 |
| Laying of the Foundation stones for Bishop's house and Pastoral Centre (by Mar Paul Alappatt) | 06th Nov 2015 |
| Formal blessing & inauguration of St. Mary's Minor Seminary, Vadakkukad (Pollachi) by Mar Andrews Thazhath, Metropolitan Archbishop of Trichur | 08th Dec 2015 |
| Opening of the "Door of Divine Mercy" at Cathedral | 13th Dec 2015 |
| 2nd Diocesan Bible convention at Ramanathapuram (Alvernia School Ground) | 18-22nd Dec 2015 |
| Protest rally & Meeting at Ramanathapuram against attach on a priest and three lay people in the diocese | 07th Feb 2016 |
| Blessing of the first phase of the Mother Theresa Peace Home Tirupur (By Bishop Paul Alappatt) | 11th Feb 2016 |
| Blessing & laying of the foundation stone for St. John Paul Mission centre, Periyanaickampalayam (Bishop Paul Alappatt) | 23rd May 2016 |
| Blessing of the grotto, Kindergarten section & Kids park, at St. Joseph's school, Jadayampalayam (Bishop Paul Alappatt) | 07-6-2016 |
| Formal blessing & inauguration of Mater Dei ICSE school at temporary building in Singanalloor (Bishop Paul Alappatt) | 09-6-2016 |
| The first feast of St. Mother Theresa of Kalkota in the diocesan level At Holy Trinity Cathedral, Ramanathapuram | 09-10-2016 |
| Blessing of the chapel at St. Joseph's Matri. Higher sec. School Jadayampalayam | 19-10-2016 |
| Blessing of Holy Family Priest Home, Ganapathy | 06-11-2016 |
| First Eparchial Convention of Catholica Congress | 20-11-2016 |
| Blessing of Second phase of Mother Theresa Peace Home | 01-05-2017 |
| 4th Pastoral Council | 18-06-2017 |
| Bishop Joseph Irimpen Memorial Eparchial Quiz Competition (Ed. 1) | 18, 25 June 2017 |
| 8th Eparchial Day | 02-07-2017 |
| Foundation stone laid for "Mater Dei ICSE School" at Pattanam, CBE (Bishop Paul Alappatt) | 08-09-2017 |
| Extension of the territory of the Eparchy (Decree No. 38/2010) | 10-10-2017 |
| 4th Diocesan Bible convention at Ramanathapuram (Alvernia School Ground) | 24-26th Nov 2017 |
| Handing over of the Syro-Malabar St. Mary's Parish (from the diocese of Salem to the eparchy of Ramanathapuram By Bishop Sebastianappan Singorayan of Salem) | 20-1-2018 |
| Consecration of St. Joseph's church ( reconstructed) at Kaundampalayam (By Bishop Paul Alappatt) | 21-1-2018 |
| First meeting of the bishop with the Syro-Malabar faithful at Pallipalayam (Namackal) | 06-3-2018 |
| First meeting of the bishop with the Syro-Malabar faithful at Dindigal | 17-3-2018 |
| First meeting of the bishop & the Holy Mass with the Syro-Malabar faithful at Kodaikanal | 18-3-2018 |
| First meeting of the bishop with the Syro –Malabar faithful (mainly students) at Christian College of Engineering & Technology at Ottachithram (Dindigal) | 18-3-2018 |